46

# ദൈവവിളിയോട് പ്രതികരിക്കൽ

## (16:9-15)

ഞാൻ യുവാവായിരുന്നപ്പോൾ, മനസിലാക്കാൻ കഴിയാതിരുന്ന കാര്യങ്ങളിൽ ഒന്നായിരുന്നു എന്തുകൊണ്ട് ഉപദേഷ്ടാക്കന്മാർ, പൗലൊസ് ത്രോവാസിൽ നിന്നു ഫിലിപ്പയിലേക്കു പോയതിൽ ആവേശം കൊണ്ടത് എന്നായിരുന്നു. "അവസാനം സുവിശേഷം യൂറോപ്പിൽ എത്തി!" അവർ അവകാശപ്പെട്ടിരുന്നത് ലുദിയ പൗലൊസിന്റെ "യൂറോപ്പിലെ ആദ്യ പരിവർത്തക ആയിട്ടാണ്." "അതുകൊണ്ട്?" ഞാൻ വിചാരിച്ചു. "പൗലൊസും കൂട്ടരും റോമാ സാമ്രാജ്യത്തിന്റെ ഒരു ഭാഗത്തു നിന്നു വേറൊരു ഭാഗത്തേക്കു പോയി!" പുതിയ നിയമകാലത്ത് ആ സ്ഥലം യൂറോപ്പ് എന്ന് അറിയപ്പെട്ടിരുന്നോ എന്നും ഞാൻ സംശയിക്കുന്നു.

ഇപ്പോഴും ആ സ്ഥലം ആണ് യൂറോപ്പ് എന്ന പേരിൽ അറിയപ്പെട്ടിരുന്നോ എന്നു ഞാൻ സംശയിക്കുന്നു,[1] എന്നാൽ അതിൽ അവർ ആവേശം കൊള്ളേണ്ടത് എന്തുകൊണ്ടാണെന്ന് എനിക്കു മനസിലാക്കാൻ കഴിഞ്ഞു. ഇന്നു നാം ഉപയോഗിക്കുന്നതുപോലെ ആസ്യയും യൂറോപ്പും എന്ന് പേരിടുന്നവർ അതു കണ്ടിരിക്കയില്ല, എന്നാൽ പണ്ടുള്ളവർ പൗരസ്ത്യവും പാശ്ചാത്യവും തമ്മിലുള്ള വ്യത്യാസം മനസിലാക്കിയിരുന്നു;[2] അവ യോജിച്ചതായ ഒരു അതിർത്തിയിലായിരുന്നു, എന്നാൽ ലോകത്തിൽ വേർപ്പെട്ടിരുന്നു. ഞാൻ തുർക്കിയിൽ നിന്നു (ത്രോവാസിന്റെ അവശിഷ്ടങ്ങൾ കിട്ടണ സ്ഥലം) ഗ്രീസിലേക്കു യാത്ര ചെയ്തിട്ടുണ്ട്. സംസ്ക്കാരങ്ങൾ ഇപ്പോൾ വളരെ അന്തരത്തിൽ തന്നെയാണ്. പൗലൊസും സംഘവും മക്കെദൊന്യ വിളി സ്വീകരിച്ചപ്പോൾ, അവർ സുവിശേഷ പ്രവർത്തനത്തിനു ഒരു പുതിയ വയൽ തുറക്കുകയായിരുന്നു![3]

മക്കെദൊന്യവിളിയും, പൗലൊസിന്റെ പ്രതികരണവും, അന്നും ഇന്നും ഉള്ള ഫലങ്ങളും കേന്ദ്രീകരിച്ചുള്ളതാണ് ഈ പാഠം. പാഠമദ്ധ്യേ, ദൈവവിളിയെ നമുക്ക് എങ്ങനെ പ്രതികരിക്കാൻ കഴിയും, എങ്ങനെ പ്രതികരിക്കണം; നമുക്കു പഠിക്കാമെന്ന് പ്രത്യാശിക്കാം.

## വേദഭാഗം പരിശോധിച്ചു

കഴിഞ്ഞ പാഠത്തിൽ, പൗലൊസും, ശീലാസും, തിമൊഥെയൊസും റോമൻ പ്രദേശമായിരുന്ന ആസ്യയിലേക്കു പോകാൻ ശ്രമിച്ചുവെങ്കിലും ദൈവം അതിനെ തടഞ്ഞതായി നാം പഠിച്ചു. അവർ പിന്നെ വടക്കുള്ള ബേഥ്യന്യെ ലക്ഷ്യമാക്കി, വീണ്ടും ദൈവം അതും തടഞ്ഞു. അവർ വഴി മാറ്റിയില്ലെങ്കിൽ, അവർക്കു പോകാൻ കഴിഞ്ഞതു പടിഞ്ഞാറോട്ടു മാത്രമായിരുന്നു. പടിഞ്ഞാറോട്ടു തിരിച്ച്, അങ്ങനെ, ഒടുവിൽ അവർ ത്രോവാസ് എന്ന കടൽക്കരയിലെത്തി അവർ കടൽക്കരയിൽ നിന്നു മനോഹരമായ യീജ്യൻ കടൽ നോക്കിയപ്പോൾ ദൈവം അവരെ അവിടേക്ക് അയച്ചത് എന്തിനെന്നും അവരിൽ നിന്നും ദൈവം ആഗ്രഹിച്ചതെന്തെന്നും അതിശയിക്കേണ്ടി വന്നില്ല.[4]

### ഒരു വിളി (16:9, 10)

അധികനേരം അവർക്ക് അതിശയിക്കേണ്ടി വന്നില്ല. "അവിടെ വെച്ചു പൗലൊസ് രാത്രിയിൽ[5] മക്കെദൊന്യക്കാരനായൊരു പുരുഷൻ അരികെ നിന്നു, എന്നിട്ട് പറഞ്ഞു, 'നീ മക്കെദൊന്യക്കു[6] കടന്നു വന്നു ഞങ്ങളെ സഹായിക്ക എന്നു തന്നോടു അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു'" (വാക്യം 9). ഗ്രീസിന്റെ വടക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന മക്കെദൊന്യക്കു രൂപം കൊടുത്തത് മക്കെദോനിലെ പ്രസിദ്ധനായ ഫിലിപ്പ് II-ാമനും മഹാനായിരുന്ന അലെക്സാണ്ടർ ചക്രവർത്തിയായിരുന്നു. ത്രോവാസിന്നു വടക്കു പടിഞ്ഞാറായി കിടക്കുന്ന മക്കെദൊന്യായിലേക്കു, യീജ്യൻ കടൽ കടന്ന് മുകളിലേക്ക് കപ്പലിൽ പോകണം.[7]

പൗലൊസ് പാശ്ചാത്യനായിരുന്നു, സുവിശേഷം പാശ്ചാത്യരിലെത്തിക്കുക എന്നത് ഉടനെ ചെയ്യുവാനായിരുന്നില്ല പൗലൊസ് ഉദ്ദേശിച്ചത്. ഈ വസ്തുതകൾ പരിഗണിക്കുക: (1) പൗലൊസ് ആദ്യം പോകാനൊരുങ്ങിയ ആസ്യയും ബിഥ്യന്യെയും, രണ്ടും പൗരസ്ത്യദേശങ്ങളായിരുന്നു. വർഷങ്ങളോളം സഞ്ചരിച്ചു പ്രവർത്തിക്കാൻ മതിയായ സ്ഥലങ്ങൾ കിഴക്കു തന്നെ ഉണ്ടായിരുന്നു, ഒരു പക്ഷേ അവന്റെ ശേഷിച്ച ആയുഷ്ക്കാലം മുഴുവൻ പ്രവർത്തിക്കുവാൻ. (2) മറ്റൊരിടത്തും പോകാൻ ദൈവം അനുവദിക്കാത്തതുകൊണ്ടാണ് പൗലൊസ് പടിഞ്ഞാറോട്ട് പോയത്. (3) ത്രോവാസിലെ കടൽക്കരയിൽ നില്ക്കുമ്പോൾ പോലും, പടിഞ്ഞാറോട്ട് നോക്കി, ഒരു പുതിയ സംസ്ക്കാരമുള്ള പുതിയ ആളുകളുടെ അടുക്കലേക്ക് പോകുവാൻ പൗലൊസിനു ഒരു പ്രത്യേക ദർശനം വേണ്ടി വന്നു.

ദർശനം ലഭിച്ചപ്പോൾ, പൗലൊസും അതു കൂട്ടുകാരോട് വിശദീകരിച്ച് സമയം പാഴാക്കാതെ, അതു ദൈവ സന്ദേശമെന്നു അവർ ഉറപ്പിച്ചു. "ഈ ദർശനം കണ്ടിട്ടു, അവരോടു സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചു, ഞങ്ങൾ ഉടനെ മക്കെദൊന്യെക്കു പുറപ്പെടുവാൻ ശ്രമിച്ചു"[8] (വാക്യം 10). കഴിഞ്ഞ പാഠത്തിൽ നാം ശ്രദ്ധിച്ചതുപോലെ, "ഞങ്ങൾ" "ഞങ്ങളോട്" എന്ന വാക്കുകൾ നമ്മോട് പറയുന്നതു ആ സമയത്ത് ലൂക്കൊസും അവ

രുടെ സ്ഥലത്തുണ്ടായിരുന്നു എന്നാണ്.

ദർശനത്തിൽ, മക്കെദൊന്യക്കാരൻ ലളിതമായി പറഞ്ഞു, "കടന്നു വന്നു ... ഞങ്ങളെ *സഹായിക്ക*." പൗലൊസും കൂടെയുള്ളവരും, എങ്ങ നെയായാലും, അതു ദൈവം *"അവരോട് സുവിശേഷം പ്രസംഗിപ്പാൻ"* വിളിച്ചതാണെന്നു നിശ്ചയിച്ചു (എംഫസിസ് മൈൻ). പലരീതിയിൽ സഭയ്ക്കു ലോകത്തെ സഹായിക്കുവാൻ കഴിയും, സഹായിക്കയും വേണ്ടേ, എന്നാൽ പ്രത്യേകമായ ഒരു സഹായ *രീതി* ലോകത്തോട് സുവിശേഷം പങ്കിടുക എന്നതാണ്! അവസരം കിട്ടുംപോലെ, നാം എല്ലാവർക്കും നന്മ ചെയ്യണം (ഗലാത്യർ 6:10), എന്നാൽ നാം നിലനി ല്ക്കുന്നതിന്റെ പ്രത്യേക ഉദ്ദേശം ഒരിക്കലും മറക്കരുത് (എഫെസ്യർ 3:10, 11, 21; മത്തായി 28:18–20).

ഉടനെ, അവർ ത്രോവാസിൽ നിന്നു മക്കെദൊന്യക്കു പുറപ്പെടുന്ന കപ്പൽ നോക്കി. ദൈവ കൃപയാൽ, അധികം താമസിയാതെ ഒരു കപ്പൽ ലഭിച്ചു. ദൈവവിളി ഒരാൾ ശരിയായി പ്രതികരിച്ചാൽ, ദൈവം അയാ ളോടു കൂടെ ഇരുന്നു അയാളുടെ പരിശ്രമങ്ങളെ അനുഗ്രഹിക്കും.

**ഒരു വെല്ലുവിളി (16:11, 12)**

സമുദ്രയാത്രയെപ്പറ്റിയാണ് 11 ഉം 12 ഉം വാക്യങ്ങൾ പറയുന്നത്. "അങ്ങനെ ഞങ്ങൾ ത്രോവാസിൽ നിന്നു കപ്പൽ നീക്കി, നേരെ സമൊ ത്രാക്കെയിലേക്കു പോയി" (വാക്യം 11). ത്രോവാസിനും അവരുടെ ലക്ഷ്യസ്ഥാനത്തിനു മദ്ധ്യദൂരത്തിലുള്ള പർവ്വത ദ്വീപായിരുന്നു സമൊ ത്രാക്കെ. ആദ്യത്തെ രാത്രിയിൽ അവർ ഒരു പക്ഷെ സമൊത്രെക്കെ യുടെ അടുത്ത് നങ്കൂരമിട്ടുകാണും. അവർ "നേരെ കപ്പൽ നീക്ക്" എന്നു പറഞ്ഞിരിക്കകൊണ്ട് അവരുടെ പുറകിൽ കാറ്റുണ്ടായിരുന്നു എന്നു സ്പഷ്ടം.[9] അവരുടെ ലക്ഷ്യസ്ഥാനത്ത് എത്തുവാൻ ദൈവം അവരെ ധൃതഗതിയിൽ നയിക്കയായിരുന്നു.

ചെറിയ സംഭവങ്ങളുടെ സ്വാധീനം ക്രമേണ ചരിത്ര സംഭവമായി മാറുന്നതിനു നാം പുറകോട്ട് ഒന്നുനോക്കിയാൽ കാണുമെന്നതു വളരെ താല്പര്യം ജീവിപ്പിക്കുന്നതാണ്. ത്രോവാസിൽ നിന്നുള്ള സമുദ്രയാത്ര മക്കെദൊന്യയിലെത്തുമ്പോഴേക്ക് ഏതാണ്ട് 150 മൈലുകൾ പിന്നിട്ടു ണ്ട്, രണ്ടു ദിവസവും എടുക്കും, എന്നാൽ മനുഷ്യരുടെ ജീവിത സംഭ വങ്ങൾ എന്നേക്കുമായി മാറ്റി. ഈ യാത്ര (അല്ലെങ്കിൽ ഇതുപോലുള്ളത്) ചെയ്തിരുന്നില്ലെങ്കിൽ, ഇന്ന് പൗരസ്ത്യദേശത്തുള്ള സഭകൾ പാശ്ചാ ത്യദേശത്തേക്കു മിഷണറിമാരെ അയച്ചുകൊണ്ടിരിക്കും.

പിറ്റെന്നാൾ, പൗലൊസും കൂട്ടരും "നവപൊലിയിൽ"[10] എത്തി (വാക്യം 11). ഫിലിപ്പിയയിലേക്കുള്ള തുറമുഖമായി പ്രവർത്തിക്കുക യായിരുന്നു നവപൊലി, അതു ഒൻപതോ പത്തോ മൈൽ കരയിലേക്കു കയറി കിടന്നിരുന്നു. നവപൊലിയിൽ കൂടെ ഓടി പ്രസിദ്ധ എഗ്നേ ഷ്യൻ വഴി കടന്ന്,[11] റോമൻ പെരുവഴി ചെന്നു കിടക്കുന്ന അദ്രിയാറ്റിക് കടലും[12] കടന്ന് നവപൊലിയിൽ നിന്നു ബിസാന്റിയത്ത് എത്തി.[13] മിഷ ണറിമാർ സമയം ഒട്ടും പാഴാക്കാതെ പ്രസിദ്ധ ഹൈവേ വഴി കിഴക്കു പടിഞ്ഞാറായി സ്ഥിതിചെയ്യുന്ന ഫിലിപ്പയിലേക്കു തിരിച്ചു.[14] അവർ നവ

പൊലിയുടെ വടക്കുള്ള കുന്നു കയറി പിന്നെ താഴേക്ക് ഇറങ്ങി ഫിലിപ്പയുടെ സമതലപ്രദേശത്തേക്ക് എത്തികാണും (വാക്യം 12).

ആ ദർശനത്തിലെ മനുഷ്യൻ പറഞ്ഞു, "മക്കെദോന്യയിലേക്കു കടന്നു വരിക" എന്ന്, മറ്റേതെങ്കിലും ദേശത്തേക്ക് പോകാതെ പൗലൊസും സംഘവും എന്തുകൊണ്ട് ഫിലിപ്പയിലേക്കു പോയി? സംശയിക്കേണ്ട, അവർ കർത്താവിന്റെ നിർദ്ദേശപ്രകാരമാണ് പോയത്. മക്കദൊന്യെക്കു പോകാൻ ആദ്യം കിട്ടിയ കപ്പൽ നവപ്പൊലിക്കുളളതായിരുന്നു. നവപൊലിയുടെ എഗ്നേഷ്യൻ വഴി പടിഞ്ഞാറു മാറി, മക്കെദൊന്യ സ്ഥിതി ചെയ്യുന്നതുകൊണ്ട് പോയവഴിയിലുള്ള മുഖ്യപട്ടണങ്ങളിൽ സുവിശേഷം അറിയിക്കുവാൻ കഴിഞ്ഞു. മുഖ്യ പട്ടണങ്ങളിൽ ഒന്നാമത്തേത് ആയിരുന്നു ഫിലിപ്പിയ.

ലൂക്കൊസ് ഫിലിപ്പിയയിലെ വിവരിച്ചിരിക്കുന്നതു "മക്കെദോന്യയുടെ ആ ഭാഗത്തെ ഒരു പ്രധാന പട്ടണവും റോമാക്കാർ കുടിയേറിപ്പാർത്തതും" ആയിട്ടാണ് (വാക്യം 12). "ഒരു പ്രധാന പട്ടണം"[15] എന്ന പ്രയോഗത്തിന്റെ അർത്ഥത്തെ സംബന്ധിച്ച് പണ്ഡിതന്മാർ വിയോജിക്കുന്നു. മക്കെദോന്യയുടെ തലസ്ഥാനമായി ആ വാക്കുകളെ എടുക്കാൻ കഴിയില്ല, കാരണം ആ പ്രദേശങ്ങളുടെ മുഴുവൻ തലസ്ഥാനം തെസ്സലൊനിക്യ ആയിരുന്നു. ഫിലിപ്പിയ സ്ഥിതി ചെയ്തിരുന്ന ഉപജില്ലയുടെ തലസ്ഥാനമായും അതു അർത്ഥമാകുന്നില്ല, കാരണം ആ സ്ഥാനം അംഫിപൊലീസിനായിരുന്നു. ഒരു പക്ഷേ ലൂക്കൊസ് താരതമ്യം ചെയ്തു പറയുന്നതാകാം, അതു സ്ഥിതി ചെയ്തിരുന്ന സ്ഥലമായതുകൊണ്ട് ഫിലിപ്പിയ പ്രധാനപ്പെട്ടസ്ഥലമായിരുന്നു.[16]

"റോമാക്കാർ കുടിയേറിപ്പാർത്ത്"[17] എന്ന പ്രയോഗം നമ്മുടെ പഠനത്തിനു പ്രാധാന്യം ഉള്ളകൊണ്ട്. റോമാക്കാർ കുടിയേറിപ്പാർത്തതായി ആറു പട്ടണങ്ങളെ പ്രവൃത്തികളുടെ പുസ്തകത്തിൽ പറയുന്നുണ്ട്,[18] എന്നാൽ പേരെടുത്തു പറഞ്ഞിരിക്കുന്ന ഒന്ന് ഫിലിപ്പിയ മാത്രമാണ്. യാദൃശ്ചികമായിട്ടാണ് ഇതു സംഭവിച്ചതു എന്നു പറയാവുന്നതല്ല. ആസ്യയിൽ എന്തുകൊണ്ട് അപ്പോൾ വചനം സംസാരിക്കരുതെന്ന് പൗലൊസിനോട് ദൈവം പറയാനുള്ള കാരണം മനസിലാക്കുവാൻ വാക്കുകളുടെ പ്രാധാന്യം നോക്കണമെന്നു വിശ്വസിക്കുന്നു, ദൈവം അവരോട് മക്കെദോന്യയിലേക്കു പോകുവാനാണ് നിർബന്ധിച്ചത്.

റോമാക്കാർ കുടിയേറിപ്പാർത്തവർ ധാരാളം അനുല്യങ്ങൾ അനുഭവിച്ചിരുന്നു. മറ്റ് നേട്ടങ്ങളിൽ, അവർ സ്വയം ഭരണാവകാശമുള്ളവരും റോമിന് നികുതി കൊടുക്കേണ്ടതും ഇല്ലായിരുന്നു. ഫലത്തിൽ റോമാക്കാർ കുടിയേറിപ്പാർത്തവർ എന്നു പറഞ്ഞാൽ റോമിന്റെ ഒരു ഭാഗം വിദേശ മണ്ണിൽ പറിച്ചു നട്ടതുപോലെയാണ് (വാക്യം 21).[19] പൗരന്മാർ റോമ വസ്ത്രം ധരിച്ചിരുന്നു തികച്ചും രാജ്യസ്നേഹികളും ആയിരുന്നു (വാക്യങ്ങൾ 20, 21). റോമാ പട്ടണത്തേക്കാൾ കുടിയേറിപ്പാർത്തു റോമാക്കാർ ചില രീതിയിൽ കൂടുതൽ റോമാ ചുവയുള്ളവരായിരുന്നു.[20] ഫിലിപ്പിയിൽ, പൗലൊസ് മുമ്പുണ്ടാകാത്ത രീതിയിൽ റോമൻ സംസ്ക്കാരങ്ങളിൽ മുങ്ങി.[21]

റോമിനെ സുവിശേഷീകരിക്കാനുള്ള പൗലൊസിന്റെ മനസിലെ

ആശയമായിരിക്കണം അവനെ റോമാ പ്രദേശങ്ങളിൽ വിജയിക്കുമാറാക്കിയത്. പലതരത്തിലുള്ള പട്ടണങ്ങളിൽ സുവിശേഷം പ്രസംഗിക്കുവാനും അകലെയുള്ള സ്ഥലങ്ങളിൽ വചനം വ്യാപിപ്പിക്കുന്നതിലും പൗലൊസ് തൃപ്തനായിരുന്നു. കർത്താവിന്റെ വേല ഒരിക്കൽ റോമിൽ സ്ഥാപിച്ചു കഴിഞ്ഞാൽ, വചനം കുറെ മൈലുകളോളം മാത്രമല്ല വ്യാപിക്കുക, ആ സാമ്രാജ്യം മുഴുവൻ വ്യാപിക്കും! അതുകൊണ്ട്, അവൻ റോമിലേക്കു പോകാൻ തയ്യാറായി (റോമർ 1:9–13, 15:22–29). റോമിലെക്കു പോകുവാനുള്ള അവന്റെ ആഗ്രഹം ഒരു പക്ഷേ ഫിലിപ്പിയയിൽ വെച്ചു തുടങ്ങിയതാകാം. അതുകൊണ്ടാകാം, ദൈവം അവനെ അവിടേക്കു പോകാൻ നിർബന്ധിച്ചത്. മക്കെദോന്യ വിളി പ്രത്യേകമായി ഒരു റോമാ പ്രദേശത്തേക്കു മാത്രമായിരുന്നില്ല എന്നാണ് എനിക്കു തോന്നിയത്. പാപത്തിൽ നഷ്ടപ്പെട്ട ഒരു ലോകത്തിന്റെ സഹായത്തിനുള്ള നിലവിളിയായിട്ടാണ് ഞാൻ വിശ്വസിക്കുന്നത്!

ഒരു നിമിഷം, പൗലൊസും, ശീലാസും ലൂക്കൊസും, തിമൊഥെയൊസും എഗ്നേഷ്യൻ മാർഗ്ഗത്തിലൂടെ ഫിലിപ്പിയയിലെത്തി. ആ റോമാക്കാർ കുടിയേറിപ്പാർത്ത സ്ഥലത്ത് അവർനേരിട്ട വെല്ലുവിളി ഒന്നൂഹിക്കുക. കൂടാതെ ദൈവ പദ്ധതിയിൽ, ഫിലിപ്പിയ പ്രിതിനിധീകരിക്കുന്നത് അതിനേക്കാൾ വലിയ വെല്ലുവിളി റോമാസാമ്രാജ്യം മുഴുവൻ എത്തുക എന്നതാണ്!

**ഒരു പരിവർത്തകൻ (16:12-15)**

12–ാം വാക്യത്തിന്റെ അവസാനഭാഗം പറയുന്നത് മിഷണറിമാർ ഫിലിപ്പിയയിൽ "ചിലദിവസം" താമസിച്ചു എന്നാണ്. അതെത്ര ദിവസമായിരുന്നു എന്ന് നമുക്കറിയില്ല, എന്നാൽ ആ സമയത്ത് പൗലൊസും സംഘവും പൗലൊസിന്നു ഇഷ്ടമായി തീർന്ന സഭ സ്ഥാപിച്ചു – മറ്റു ഇടവകകളേക്കാൾ ഒരു പക്ഷേ അവൻ കൂടുതൽ അടുത്തത് ഈ ഇടവകയാകാം.[22]

ഇടവക ആരംഭിച്ചത് അശുഭ സൂചകമായ രീതിയിലാണ്. നമുക്ക് അറിയാവുന്നേടത്തോളം, ഫിലിപ്പിയയിൽ പള്ളി ഉണ്ടായിരുന്നില്ല.[23] പൗലൊസ്, അതുകൊണ്ട്, അവൻ സാധാരണ ചെയ്യാറുള്ളതുപോലെ പള്ളിയിൽ നിന്നല്ല ആരംഭിക്കുന്നത്.[24] ആദ്യ ശബ്ബത്തു ദിവസം വന്നപ്പോൾ, ലൂക്കൊസ് എഴുതുന്നു: "... ശബ്ബത്തു നാളിൽ ഞങ്ങൾ ഗോപുരത്തിനു പുറത്തേക്കു പോയി അവിടെ പ്രാർത്ഥനാ സ്ഥലം ഉണ്ടായിരിക്കും എന്നു ഞങ്ങൾ വിചാരിച്ചു പുഴവക്കത്ത് ഇരുന്നു" (വാക്യം 13). പ്രവാസകാലത്ത്, യെഹൂദന്മാർക്കു ദേവാലയത്തിൽ പോകാൻ കഴിയാത്തതുകൊണ്ട്, അവർ അടുത്തുള്ള പുഴവക്കത്ത് കൂടിയിരുന്നു പ്രാർത്ഥിക്കുമായിരുന്നു (സങ്കീർത്തനങ്ങൾ 137:1; എബ്ര 8:15, 21) – ഒരു പക്ഷെ പുഴ അവരുടെ ആഘോഷ കഴുകലിനും ഉപയോഗിച്ചിരിക്കാം ഗാൻജൈറ്റ് എന്ന നദി ഫിലിപ്പിയക്കടുത്തായിരുന്നു, പട്ടണ വാതിലിൽ നിന്നു ഒരു മൈൽ പടിഞ്ഞാറു മാറി സ്ഥിതി ചെയ്തിരുന്നു.[25] പൗലൊസും സംഘവും ആ ലക്ഷ്യം വെച്ചു പോയത് അവിടെ സത്യ ദൈവത്തിൽ വിശ്വസിക്കുന്ന ആരെങ്കിലും കാണും എന്നു കരുതിയാണ്.[26]

അവർ പുഴവക്കത്ത് എത്തിയപ്പോൾ, പല സ്ത്രീകൾ അവിടെ ഇരുന്നു പ്രാർത്ഥിക്കുന്നതു കണ്ടു.[27] അവർ യെഹൂദസ്ത്രീകളായിരുന്നോ, യെഹൂദമതാനുസാരികളായിരുന്നോ, ദൈവ ഭയമുള്ളവരായിരുന്നോ എന്നൊന്നും ലൂക്കൊസ് പറഞ്ഞില്ല[28] അവിടെ പുരുഷന്മാർ ഇല്ലായിരുന്നതിനാൽ മിഷണറിമാർക്കു നിരാശ ഉണ്ടായാലും ഇല്ലെങ്കിലും അതെനിക്കറിഞ്ഞുകൂടാ ലൂക്കൊസ് വിവരിച്ചത്, "അവിടെ കൂടി വന്ന[29] സ്ത്രീകളോട് സംസാരിച്ചു" എന്നാണ് (വാക്യം 13).[30] ഒരു പുരുഷനായിരുന്നു മക്കെദോന്യയിലേക്കു മിഷണറിമാരെ വിളിച്ചത്, എന്നാൽ അവരുടെ ആദ്യപരിവർത്തനം ഒരു *സ്ത്രീയുടേതായിരുന്നു.*

ദൈവ - ഭയമുള്ള സ്ത്രീകളോടു കൂടെ ഫിലിപ്പിയ സഭ മാത്രമല്ല ആരംഭിച്ചത്. ലോകം മുഴുവൻ, ദൈവഭക്തരായ സ്ത്രീകളുടെ സ്വാധീനത്താ ലും കരുത്താലും നൂറുകണക്കിനു ഇടവകകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സ്ത്രീകളുടെ തുടർച്ചയായ സഹായമില്ലാതെ ഏതെങ്കിലും ഇടവക നിലവിലുണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. ദൈവ പദ്ധതികളിൽ, പ്രസംഗ പീഠത്തിൽ സ്ത്രീകളെ നിറക്കുക എന്നതല്ല, എന്നാൽ അവരുടെ സഹായം ഒഴിച്ചു കൂടാനാവാത്തതാണ് അതിനെ ഒരിക്കലും വില കുറച്ചു കാണരുത്!

സ്ത്രീകളിൽ തുയത്തൈര "പട്ടണക്കാരത്തിയും, രക്താംബരം വില്ക്കുന്നവളുമായ,[31] ദൈവഭക്തയായൊരു ലുദിയ[32] എന്ന സ്ത്രീ ഉണ്ടായിരുന്നു" (വാക്യം 14). ലുദിയ കച്ചവടക്കാരിയായിരുന്നു[33] അവൾ തുയത്തൈരയിൽ നിന്നു തുണി വില്ക്കുവാൻ വന്നതാണ്. റോമാ പ്രദേശമായിരുന്ന ആസ്യയിൽ[34] സ്ഥലമായിരുന്നു അയോഗ്യൻ കടലിനെപ്പുറത്തുണ്ടായിരുന്ന തുയത്തൈര (പിന്നീട്, തുയത്തൈര നാം കാണുന്നത് ആസ്യയിലെ ഏഴു സഭകളിൽ ഒന്നായിട്ടാണ് [വെളിപ്പാട് 1:11; 2:18–29]). നമുക്കു കാണാൻ കഴിയുന്ന മുഖ്യ വസ്തുത, പൗലൊസിനു ആസ്യയിൽ പോകാൻ അനുവാദം ലഭിച്ചിരുന്നില്ലെങ്കിലും, അവന്റെ ഫിലിപ്പയയിലെ ആദ്യ പരിവർത്തക ആസ്യയിൽ നിന്നുള്ളവർ ആയിരുന്നു.

ലുദിയ "രക്താംബരം വില്ക്കുന്നവൾ" ആയിരുന്നു. അറിയപ്പെടാത്ത ഒരു തരത്തിലുള്ള ജലപ്രാണി[35] പിഴിഞ്ഞ് എടുക്കുന്ന സത്താണ് രക്തം നിറം, അന്യായവിലയുള്ളതായിരുന്നു. "രക്താംബരം" ധരിക്കുവാൻ രാജാക്കന്മാർക്കും പണക്കാർക്കും മാത്രമെ കഴിയുമായിരുന്നുള്ളു (ലൂക്കൊസ് 16:19). ഇതു, കൂടാതെ ലുദിയ വലിയോരു വീടിനും ഉടമയായിരുന്നു[36] ഒരു പക്ഷേ സേവനത്തിനു ആളുകളും ഉണ്ടായിരുന്നേക്കാം (വാക്യം 15), അതു സൂചിപ്പിക്കുന്നത് കർത്താവ് അവളെ ഭൗതികമായി അനുഗ്രഹിച്ചു എന്നാണ്.

മുഖ്യമായ വസ്തുത അവൾ "ഒരു ദൈവഭക്തയായിരുന്നു" എന്നതാണ്.[37] വ്യാപാരത്തേക്കാൾ കൂടുതൽ അവർ ദൈവഭക്തിക്കായിരുന്നു പ്രാധാന്യം കൊടുത്തത് ശബ്ബത്ത് ഒരു വിശുദ്ധ ഒഴിവു ദിവസമായിരുന്നില്ല ഫിലിപ്പിയയിൽ; പണമുണ്ടാക്കുന്ന മറ്റൊരു ദിവസമായിരുന്നു അതും.[38] ദൈവഭക്തയായിരുന്നു എന്നതു സൂചിപ്പിക്കുന്നതു അവൾ കടയടക്കാൻ പോലും തയ്യാറായിരുന്നു എന്നാണ്,[39] അവളുടെ മത്സരം നേട്ടത്തിനായി വിട്ടുകളഞ്ഞു.

ലുദിയയെ കുറിച്ച് ഏറ്റവും പ്രധാനപ്പെട്ടകാര്യം, എങ്ങനെയായാലും, ദൈവിക സത്യം അവതരിപ്പിച്ചപ്പോൾ അവ കേൾക്കുവാനും ശ്രദ്ധിക്കുവാനും ഉള്ള മനസ്സ് അവൾക്കുണ്ടായിരുന്നു എന്നതാണ്. "നീതിമാനും ദൈവഭക്തനുമായ" കൊർന്നെല്യോസിനെ പോലെ ആയിരുന്നു അവൾ, കൊർന്നെല്യോസ് പത്രൊസിനോട് പറഞ്ഞു, "കർത്താവ് നിന്നോട് കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു" (10:22, 33). കർത്താവു പറഞ്ഞു, "അവൾ കേട്ടു കൊണ്ടിരുന്നു; പൗലൊസ് സംസാരിച്ചതു ശ്രദ്ധിക്കേണ്ടതിന്നു കർത്താവു അവളുടെ ഹൃദയം തുറന്നു"[40] (വാക്യം 14).

നാം അല്പം നിന്ന് "കർത്താവു അവളുടെ ഹൃദയം തുറന്നു" എന്ന പ്രയോഗത്തെ കുറിച്ചു വിശദമാക്കണം. ലുദിയ പരിവർത്തനത്തിൽ കാണുന്ന ഒരു പ്രത്യേകതയാണ്; മറ്റൊരു പരിവർത്തനത്തിലും കേട്ട സദസ്യരുടെ ഹൃദയങ്ങൾ തുറന്നതായി പറഞ്ഞിട്ടില്ല. ഈ പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്?

പാപത്തിൽ മുഴുകിയ ഒരാളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നേരിട്ട് പ്രവർത്തിക്കുമെന്ന കാൽവിനിസ്റ്റുകാർ[41] അവരുടെ ഉപദേശം തെളിയിക്കാനായി എടുക്കുന്നതാണ് 14-ാം വാക്യം. അവർ വിശ്വസിക്കുന്നത് മനുഷ്യൻ പാപത്തിലാണ് ജനിക്കുന്നത്,[42] പരിശുദ്ധാത്മാവ് അയാളുടെ ഹൃദയത്തിൽ അത്ഭുതം പ്രവർത്തിച്ചാലെ സുവിശേഷത്താലുള്ള ദൈവവിളിക്കു പ്രതികരിക്കുകയുള്ളു. എങ്ങനെയായാലും, ശ്രദ്ധിക്കുക, ലുദിയ വചനം കേട്ടുകൊണ്ടിരുന്നു[43] അവളുടെ ഹൃദയം തുറക്കുന്നതിനു *മുൻപു* അവൾ കേട്ടുകൊണ്ടിരുന്നു; ഒരു കാൽവിനിസ്റ്റിന്റെ ഉപദേശവും വേദഭാഗത്തില്ല. അതുകൊണ്ട്, നമുക്കു വീണ്ടും ചോദിക്കാം, ഈ പ്രയോഗത്തിന്റെ പ്രാധാന്യം എന്താണ്?

*ദൈവം ഒരു പ്രതിനിധിയിൽ കൂടെ* പ്രവർത്തിക്കുമ്പോൾ, അവൻ വാസ്തവത്തിൽ ചിലതു ചെയ്യുന്നു എന്ന ഊന്നലാണ് ലൂക്കൊസ് നല്കുന്നത്. ഉദാഹരണമായി, ഒന്നാമത്തെ യാത്ര കഴിഞ്ഞ് പൗലൊസും ബർന്നബാസും മടങ്ങി വന്നപ്പോൾ, അവർ അന്ത്യോക്ക്യാസഭയോട് "ദൈവം അവരോടു കൂടെ ഇരുന്നു ചെയ്തതും, അവൻ ജാതികൾക്കു വിശ്വാസത്തിന്റെ വാതിൽ തുറന്നുകൊടുത്തത്" എങ്ങനെ എന്നും വിവരിച്ചു പറഞ്ഞു (14:27).[44] "ദൈവം ചെയ്തതൊക്കെയും" എന്ന പദപ്രയോഗം ശ്രദ്ധിക്കുക. പിന്നെ പ്രാതിനിധ്യത്തെ ഉപയോഗിച്ചതു നോക്കുക: "അവരോടുകൂടെ" ദൈവം അനേകം ജാതികളെ പരിവർത്തനം ചെയ്തു – എന്നാൽ അവൻ അതു ചെയ്തതു പൗലൊസിന്റേയും ബർന്നബാസിന്റേയും പ്രസംഗം *മൂലമായിരുന്നു.*[45]

സുവിശേഷ പ്രസംഗത്തിൽ *കൂടെ* ദൈവം ലുദിയയുടെ ഹൃദയം തുറന്നു എന്നു വേദഭാഗം വ്യക്തമാക്കുന്നു: *"പൗലൊസ് സംസാരിച്ചത്, ... അവൾ കേട്ടുകൊണ്ടിരുന്നു"* (വാക്യം 14; എംഫസിസ് മൈൻ). അതു തന്നെയാണ് മക്കെദോന്യ വിളിയാൽ ലുദിയയുടെ പരിവർത്തനത്തിലും ആത്മാവിന്റെ നിർദ്ദേശം ഷണ്ഡന്റെ പരിവർത്തനത്തിലും, ദർശനം കൊർന്നെല്യോസിന്റെ പരിവർത്തനത്തിലും സംഭവിച്ചത്: അതു പാപിയെയും ഉപദേഷ്ടാവിനെയും ബന്ധിപ്പിച്ചു (റോമർ 1:16, 22; 10:13-17; എഫെ

സ്യർ 6:17; എബ്രായർ 4:12; യാക്കൊബ് 1:21).[46] ആർ.സി.എസ് ലെൻസ്കി പറഞ്ഞു, "കർത്താവു ഹൃദയം തുറക്കുന്നു, എന്നാൽ കൊളുത്ത് മാറ്റി വാതിൽ തുറക്കുന്നതു വചനമാണ് ... നാം കേൾക്കുമ്പോൾ വാതിൽ തുറക്കുകയും ചെയ്യും, ..."[47] "ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല ..." (10:34). പ്രവൃത്തികളുടെ പുസ്തകത്തിൽ മറ്റുള്ളവർ രക്ഷിക്കപ്പെട്ട തുപോലെ തന്നെയാണ് ലുദിയയും രക്ഷിക്കപ്പെട്ടത്. അവൾ വചനം കേട്ടു, വചനം അവളെ സ്പർശിച്ചു (2:37 നോക്കുക), വിശ്വാസം പുറ പ്പെടുകയും തുടർന്നു അനുസരിക്കയും ചെയ്യുന്നു.

ലുദിയ വചനത്താൽ ചലിക്കപ്പെട്ടു എന്നു പറയുന്നതിനു പകരം "കർത്താവു അവളുടെ ഹൃദയം തുറന്നു" എന്നു ലൂക്കൊസ് പറഞ്ഞ തിന്റെ കാരണം ഇപ്പോഴും വ്യക്തമായിട്ടില്ല. സംഭവിച്ചതിലെല്ലാം *ദൈവ* കരങ്ങൾ കണ്ടുകൊണ്ടാണ് ലൂക്കൊസ് അതിനെ പറഞ്ഞത്: ആസ്യ യിലേക്ക്, ബിഥുന്യെയിലേക്കോ പോകരുതതെന്ന് തടഞ്ഞതു *ദൈവ മായിരുന്നു.* ത്രോവായിൽ വെച്ചു ദർശനം കൊടുത്തതു *ദൈവ*മായി രുന്നു. കൂടാതെ, ദൈവം തന്നെയാണ് ശരിയായി പ്രതികരിക്കുന്ന പുഴ വക്കത്ത് ഇരിക്കുന്നവരുടെ അടുക്കൽ എത്തിച്ചതും, അവരോട് ദൈവ ശ്വസീയമായി സംസാരിക്കാൻ ആത്മാവ് ശക്തീകരിച്ചതും ദൈവകൃപ യാലായിരുന്നു. ലുദിയയുടെ ഹൃദയം തുറന്നതു പൗലൊസ്, ശീലാ സോ, ലൂക്കോസോ, തിമൊഥെയോസോ ആയിരുന്നില്ല; അതെല്ലാം ചെയ്തതു ദൈവമാണ്, അതുകൊണ്ട് കീർത്തി ദൈവത്തിനാണ്, നാം മറക്കരുത്: നാം നടുകയും നനക്കുകയും ചെയ്യുന്നു, ദൈവം അത്രേ വളരുമാറാക്കുന്നത് (1 കൊരിന്ത്യർ 3:6; KJV)!

ലുദിയയുടെ ഹൃദയം തുറന്നപ്പോൾ, അവൾ പ്രതികരിച്ചു (വാക്യം 14). വാക്യം 15 പറയുന്നു അവളും കുടുംബവും സ്നാനം ഏറ്റു. ഇതു സൂചിപ്പിക്കുന്നത്, എല്ലാവരും, അല്ലെങ്കിൽ മിക്കപേരും, അവളുടെ ഭവ നത്തിൽ പെട്ടവരോ - ഒരു പക്ഷേ അവളുടെ ദാസ്യവേലക്കാരികളോ ആകാം. സ്നാനത്തിനുള്ള വെള്ളം അടുത്തുതന്നെ ഉണ്ടായിരുന്നു, അങ്ങനെ അവർ ഉടനെ പുഴയിൽ ഇറങ്ങി ക്രിസ്തുവിനോടു ചേരു വാൻ സ്നാനം ഏറ്റു.[48]

വർഷങ്ങളായി, ലുദിയുടേയും കുടുംബത്തിന്റേയും ചിത്രീകരണം ഞാൻ കണ്ടിട്ടുണ്ട്. അതു മാറ്റമില്ലാതെ വിശാലവും, ശാന്തവുമായ ഒഴു ക്കവെള്ളം ഉള്ള രംഗമായിട്ടാണ്. ഒരാൾ ഗാൻ ജൈറ്റിസിന്റെ അരികിൽ നിന്നാൽ, ശബ്ദത്തോട്,[49] ഒഴുകുന്ന പുഴക്ക് രണ്ടു വശത്തും ഇടതിങ്ങി വളർന്നുകിടക്കുന്ന വൃക്ഷങ്ങളും കാണാം.

നാം പുഴക്കരികിൽ നിന്നു മാറുന്നതിനു മുൻപ്, ആ പദപ്രയോഗം "അവളും കുടുംബവും" എന്നതു നോക്കാം. പുതിയ നിയമത്തിൽ നാലു "ഭവന സ്നാനത്തെ" രേഖപ്പെടുത്തിയിട്ടുണ്ട്: കൊർന്നെ ല്യൊസും ഭവനവും (10:24, 48), ലുദിയയും കുടുംബവും (16:15), ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണിയും കുടുംബവും (16:31–34), സ്തെഫാനൊ സും കുടുംബവും (1 കൊരിന്ത്യർ 1:16; പ്രവൃത്തികൾ 18:8 ഉം നോക്കുക). "ശിശുസ്നാനം" എടുക്കുന്നവർ "തെളിവിനായി" ഈ കുടുംബസ്നാന ത്തെ വചനത്തിൽ നിന്ന് എടുത്ത് കാണിക്കാറു

ണ്ട്. അവർ പറയുന്നത് ''ഈ ഭവനങ്ങളിൽ, ചുരുങ്ങിയതു, ഒരു കുട്ടിയെങ്കിലും കണ്ടിരിക്കാം എന്നാണ്." എങ്ങനെയായാലും, ഈ മൂന്നിലും, വേദഭാഗം, ഈ ഭവനങ്ങളിലുള്ളവർ പ്രസംഗത്തോട് വ്യക്തിപരമായി പ്രതികരിച്ചു എന്നാണുള്ളത് (10:33, 43, 44, 46–48; 1 കൊരിന്ത്യർ 16:15). അവരുടെ ശിശുസ്നാനത്തിനു എടുക്കുന്ന പ്രാഥമിക തെളിവായ ലുദിയയുടെ സ്നാനം അങ്ങനെ "തെളിവല്ലാതാകുന്നു."

ശിശുക്കളെ സ്നാനപ്പെടുത്തണമെന്നു ലൂദിയയും കുടുംബവും സ്നാനപ്പെട്ടതിൽ നിന്നു തെളിയിക്കുന്നുണ്ടോ? അന്നു സ്നാനപ്പെട്ടവരുടെ കൂട്ടത്തിൽ ശിശുക്കൾ കാണും എന്ന് ഊഹിക്കുന്നവരുടെ പരിഗണന: (1) അവർ ഊഹിക്കുന്നതു ലുദിയ വിവാഹം ചെയ്തു അല്ലെങ്കിൽ വിവാഹം[51] കഴിച്ചിട്ടുണ്ട്. (2) അവർ ഊഹിക്കുന്നതു അവൾക്കു കുട്ടികൾ ഉണ്ടായിരുന്നു എന്നാണ്. (3) അവർ ഊഹിക്കുന്നതു അവളുടെ ഒരു കുട്ടിയെങ്കിലും ശിശുവായിരുന്നു എന്നാണ്. (4) "കുടുംബം" എന്നതിൽ ലൂക്കൊസ് ശിശുക്കളെയും ഉൾപ്പെടുത്തിയിരിക്കയാണ്. എന്നാൽ മറ്റെല്ലാ ഭാഗത്തും സ്നാനത്തിനു മുൻപു അങ്ങനെ വിശ്വസിക്കണം എന്നാണ് ലൂക്കൊസ് പറഞ്ഞിരിക്കുന്നത് (2:37, 38; 8:36–38). നാലു ഊഹങ്ങൾ ഞാൻ നിരത്തെട്ടെ, അങ്ങനെ മുകൾഭാഗം താഴെ എന്നു ഞാൻ "തെളിയിക്കാം," അതായത് ഇവിടെ എന്നതു അവിടെ, ചന്ദ്രൻ എന്നു പറയുന്നതു പച്ചചീമ്പു കൊണ്ടുണ്ടാക്കിയതാണ്. അതു സത്യം കണ്ടുപിടിക്കുന്ന രീതി *അല്ല.* ആ ദിവസം ഗാൻജൈറ്റിസിൽ ശിശുവിനെ സ്നാനപ്പെടുത്തി എന്നു വിശ്വസിക്കാൻ വേദഭാഗത്തിൽ ഒരു കാരണവും നല്കുന്നില്ല.

ലുദിയയുടെ സ്വഭാവത്തിലെ അവസാന ഗുണം ശ്രദ്ധിക്കുക: അവൾ അതിഥി സൽക്കാര പ്രിയയായിരുന്നു (റോമർ 12:13; 1 പത്രൊസ് 4:9). നാം വായിക്കുന്നു, "അവളുടെ കുടുംബവും സ്നാനം ഏറ്റശേഷം, 'നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്നു എണ്ണിയിരിക്കുന്നു എങ്കിൽ എന്റെ വീട്ടിൽ വന്നു പാർപ്പിൻ എന്നു അപേക്ഷിച്ചു ഞങ്ങളെ നിർബന്ധിച്ചു'" (വാക്യം 15). ആ ക്ഷണം സ്വീകരിക്കുന്നതിൽ പൗലൊസിന്നു സമ്മിശ്രമായ വികാരമായിരിക്കാം ഉണ്ടായിരുന്നത്. അന്യദേവന്മാരെ വണങ്ങുന്നവരുടെ കൂടെ താമസിക്കുന്നതിനേക്കാൾ ഒരു വിധത്തിൽ സന്തോഷമായിരിക്കാം ഉണ്ടായിരിക്കുക. മറ്റൊരുവിധത്തിൽ, ഔചിത്യത്തെ ചോദ്യം ചെയ്യുന്നതാണ്: സ്ത്രീകൾ മാത്രമുള്ള ഒരു ഭവനത്തിൽ നാലു പുരുഷന്മാർ എങ്ങനെ പാർക്കും? എങ്ങനെയായാലും, ലുദിയ, "ഇല്ല" എന്ന ഉത്തരം അല്ല പ്രതീക്ഷിച്ചത്. ലൂക്കൊസ് പറഞ്ഞു, "അപേക്ഷിച്ചു ഞങ്ങളെ നിർബന്ധിച്ചു" (വാക്യം 15). പൗലൊസിന്റെ ഫിലിപ്പിയയിലെ ശേഷിച്ച ലുദിയയുടെ വീട്ടിലെ താമസം അവന്റെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായിത്തീർന്നു (16:40).

### വേദഭാഗം പ്രയോഗിച്ചു

കഠിനമായ തീരുമാനങ്ങൾ നാമെല്ലാം അഭിമുഖീകരിക്കുന്നത്: നമ്മുടെ ജീവിതത്തെ നാം എന്തുചെയ്യും? നാം വിവാഹം കഴിക്കണോ? വിവാഹം കഴിക്കുകയാണെങ്കിൽ, ആരെ വിവാഹം ചെയ്യും? നാം

എവിടെ ജീവിക്കും? ഇങ്ങനെ ഇതിനോട് എത്ര വേണമെങ്കിലും ചേർക്കാം. പൗലൊസിന് അന്നു ദൈവം നല്കിയതുപോലെ ഇന്നു ഒരു ദർശനം ദൈവം തരുന്നില്ല, എന്നാൽ ദൈവം നമ്മെ ഇന്നും – അവന്റെ വചനം മുഖാന്തരം വിളിക്കുന്നു, കൃപയാൽ അവൻ വാതിൽ തുറക്കുകയും, അടക്കുകയും ചെയ്യും. നാം വായിക്കുന്നതു, "ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ, യഹോവ അവന്റെ പാതകളെ നേരെയാകും" (സങ്കീർത്തനങ്ങൾ 37:23; KJV). "നിന്റെ എല്ലാ വഴികളിലും അവനെ നിനെച്ചുകൊൾക, അവൻ നിന്റെ പാതകളെ നേരെയാകും" (സദൃശവാക്യങ്ങൾ 3:6; KJV). നാം നമ്മുടെ ജീവിതത്തെ സംബന്ധിച്ച് ദൈവേഷ്ടം അറിഞ്ഞാൽ, നമ്മുടെ വേദഭാഗം പറയുന്നതു അതിനെ ചില രീതിയിൽ നാം പ്രതികരിക്കും എന്നാണ്:

(1) *തയ്യാറാകുക*: നാം തയ്യാറാകണം – ദൈവവിളിയോട് ഉടനെ പ്ര തികരിക്കാൻ തയ്യാറാകണം. പൗലൊസ് ദർശനം കണ്ടശേഷം, ലൂക്കൊസ് പറഞ്ഞു, "... അവരോടു സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചു, ഞങ്ങൾ ഉടനെ മക്കെദോന്യക്കു പുറപ്പെടുവാൻ ശ്രമിച്ചു" (വാക്യം 10; എംഫസിസ് മൈൻ). നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രത്യേക ഉദ്ദേശം മനസിലാക്കിയാൽ ദൈവം വിളിക്കുമ്പോൾ ഉടനെ പ്രതികരിക്കണം.

(2) *അയക്കുക*: അടുത്തത്, നാം അയക്കണം – ദൈവപദ്ധതികളും ഉദ്ദേശങ്ങളും എപ്പോഴും സ്പഷ്ടമായി മനസിലാക്കണമെന്നില്ല. പൗലൊസ് തെക്കോട്ടു പോകാൻ ഭാവിച്ചു, ദൈവം അവനെ തടഞ്ഞു; അവൻ വടക്കോട്ട് യാത്ര ചെയ്യാനൊരുങ്ങി, ദൈവം അപ്പോഴും അവനെ തടഞ്ഞു. പൗലൊസിനും സംഘത്തിനും ദൈവം എന്താണ് ഉദ്ദേശിക്കുന്നത് എന്നു പെട്ടെന്ന് മനസിലായില്ല. അവസാനം അവർ ഫിലിപ്പിയയിൽ എത്തിയിട്ടും, പൗലൊസിന്റെ സാധാരണ പ്രവർത്തനം തുടങ്ങുവാനുള്ള സ്ഥലം കണ്ടില്ല – പള്ളി – ലഭ്യമായിരുന്നില്ല. പുഴവക്കത്തെ സ്ത്രീകളെ കണ്ടെത്തുന്നതുവരെ അവർ എന്തിനാണ് അവിടേക്കു പോകുന്നതെന്നു തിരിച്ചറിഞ്ഞില്ല. നിങ്ങളുടെ ജീവിതത്തിലും പെട്ടെന്ന് ദൈവത്തിന്റെ ഉദ്ദേശം നിങ്ങൾക്കു സ്പഷ്ടമാകണമെന്നില്ല. നിങ്ങളുടെ ചിന്ത അയച്ചു കൊടുക്കണം – നിങ്ങൾ പ്രതീക്ഷിക്കുന്നതു പോലെ പെട്ടെന്ന് ദൈവം ഉത്തരം നല്കിയില്ലെങ്കിൽ നിങ്ങൾ നിരാശപ്പെടരുത്.

(3) *ചലന ശക്തനാകുക*: അവസരങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നതിനു പകരം, നാം അവസരം ഉണ്ടാക്കണം. ചിലപ്പോൾ, പൗലൊസും സഹപ്രവർത്തകരും "തങ്ങൾ എന്തു ചെയ്യണമെന്ന് ദൈവം അവരോട് പറയുന്നതുവരെ" കാത്തിരിക്കാമായിരുന്നു. പകരം, അവർ ചലിച്ചുകൊണ്ടേയിരുന്നു, അവനെ സേവിക്കുവാൻ അവസരം നോക്കിപറയുന്നതുവരെ കാത്തിരിക്കാമായിരുന്നു.

(4) *താഴുക*: അവസാനം, അവസരം നാം താഴ്മയോടെ, നാം ക്രിയാത്മകമായി ദൈവത്തോട് പ്രതികരിച്ചാൽ, ദൈവം നമ്മെ അനുഗ്രഹിക്കും എന്നു വിശ്വസിക്കണം. ദൈവത്തിന്റേതിൽ നിന്നു വ്യത്യസ്തമായിരുന്നു പൗലൊസിന്റെ രണ്ടാമത്തെ യാത്ര. ദൈവപദ്ധതി വ്യക്ത മായപ്പോൾ, അവൻ ക്രിയാത്മകമായി പ്രതികരിച്ചു – ദൈവം

അവന്റെ പരിശ്രമങ്ങളെ അനുഗ്രഹിക്കയും ചെയ്തു. ആത്മാക്കൾ രക്ഷിക്കപ്പെടുകയും, ഒരു പുതിയ വൻകര സുവിശേഷത്തിന്നായി തുറക്കുകയും ചെയ്തു. അങ്ങനെ ആണെങ്കിലും, നമ്മിൽ ചിലർക്ക് ദൈവത്തിന്റെ മറുപടി തിരിച്ചറിയാൻ പ്രയാസം നേരിടും. കാരണം നാം വിചാരിക്കുന്നതുപോലെയല്ല ദൈവം ഉത്തരം നല്കുന്നത് ദൈവത്തിന്റെ മറുപടി സ്വീകരിക്കുവാൻ നാം താഴ്മയുള്ളവരാകണം – ക്രിയാത്മകമായി പ്രതികരിച്ചാൽ നമുക്ക് അവന്റെ ഇഷ്ടം മനസിലാകും. നിങ്ങൾ അങ്ങനെ ചെയ്താൽ, അവസാനം നിങ്ങളെ ദൈവം അനുഗ്രഹിക്കും!

**ഉപസംഹാരം**

ഈ പാഠത്തിന്റെ ആരംഭത്തിൽ, ദൈവത്തിന്റെ വിളിയോട് ക്രിയാത്മകമായി പ്രിതികരിക്കാൻ എപ്പോഴും തയ്യാറാകുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. നാം അവസാനിപ്പിക്കുമ്പോൾ, രണ്ടു പ്രത്യേക വിളികളോട് പ്രതികരിക്കാൻ ഞാൻ പ്രബോധിപ്പിക്കട്ടെ:

നിങ്ങൾ ഒരു ക്രിസ്ത്യാനിയായി തീർന്നിട്ടുണ്ടെങ്കിൽ, "മക്കെദോന്യ വിളി" നിങ്ങൾ പ്രതികരിക്കണം എന്നു ഞാൻ അപേക്ഷിക്കുന്നു. "കടന്നു വന്നു ഞങ്ങളെ സഹായിക്ക" എന്ന് നിലവിളിക്കുന്ന നൂറു കണക്കിന്, ആയിരക്കണക്കിന് ആളുകളുടെ നിലവിളി കേൾക്കുവാൻ കർത്താവു നിങ്ങളുടെ ചെവി തുറക്കുവാൻ സഹായിക്കട്ടെ! ആരും താല്പര്യം കാണിക്കുന്നില്ല, എന്നു നിങ്ങൾക്കു തോന്നുന്നുവെങ്കിൽ, ഫിലിപ്പിയ ഓർമ്മിക്കുക: പട്ടണം തണുപ്പുള്ളതാകാം, എന്നാൽ പുഴക്കരികിലേക്ക് പോകുവാനാണ് അവരോട് പറഞ്ഞത് നിങ്ങൾ അന്വേഷിച്ചാൽ, ആത്മാർത്ഥയോടെ സത്യം അന്വേഷിക്കുന്ന ആത്മാക്കളെ കണ്ടെത്തും, സത്യത്തിനു വേണ്ടി കാത്തിരുന്ന ലുദിയയേയും കുടുംബത്തെയും പോലെ എത്രയോ പേർ കാണും.

നിങ്ങൾ ഒരു ക്രിസ്ത്യാനി ആയിട്ടില്ലെങ്കിൽ, എല്ലാ വിളിയേക്കാളും പരമപ്രധാനമായ വിളിക്കു മറുപടി നല്കണം എന്നു ഞാൻ യാചിക്കുന്നു: രക്ഷിക്കപ്പെടുവാനും ദൈവത്തിന്റെ പ്രത്യേക വ്യക്തി ആകുവാനുള്ള വഴി! ദൈവം എല്ലാവരേയും സുവിശേഷത്താലാണ് രക്ഷക്കു വിളിക്കുന്നതു പൗലൊസ് 2 തെസ്സലൊനിക്യർ 2:14–ൽ ഊന്നിപറഞ്ഞിരിക്കുന്നു. "വിളിക്കപ്പെട്ടവരെയാണ്" സഭ എന്നു വിളിക്കുന്നത് – മറ്റൊരുവിധത്തിൽ, ദൈവത്തിന്റെ സുവിശേഷവിളിയോട് പ്രതികരിച്ചവർ പ്രവൃത്തികൾ 2:38, 41, 47; KJV), ലുദിയയും കുടുംബവും പ്രതികരിച്ചതുപോലെ നിങ്ങൾ പ്രതികരിച്ചില്ലെങ്കിൽ, നിങ്ങളുടെ ഹൃദയം തുറക്കുവാൻ ദൈവത്തെ അനുവദിക്കുക – ലുദിയയും കുടുംബവും ചെയ്തതുപോലെ സ്നാനമേല്ക്കുക.

**പ്രസംഗക്കുറിപ്പുകൾ**

നിങ്ങൾ പ്രവൃത്തികളുടെ പുസ്തകത്തിലെ പരമ്പരയായി പ്രസംഗിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്കു ഈ അവതരണം എടുക്കാം.

"ഒരു പ്രാർത്ഥനാസ്ഥലം" എന്ന തലക്കെട്ടിൽ പാഠം രൂപപ്പെടുത്താം (വാക്യം 13) അതിൽ ഉപപോയിന്റുകളായി "ഒരു പ്രാർത്ഥനാസ്ഥലം," "ഒരു പ്രസംഗ സ്ഥലം," "കേൾക്കുന്ന സ്ഥലം," "അനുസരിക്കുന്ന ഒരു സ്ഥലം," "അതിഥിസൽക്കാരം നടത്തുന്ന ഒരുസ്ഥലം" എങ്ങനെയോ ആകാം (ലുദിയ നല്കിയത്).

ഒരു പ്രസംഗമാണെങ്കിൽ "ഒരു സ്ത്രീ" (വാക്യം 14) എന്ന് ലുദിയയുടെ സ്വഭാവത്തിൽ ശ്രദ്ധ കൊടുക്കാം: ഒരു കച്ചവടക്കാരി സ്ത്രീ, ദൈവഭക്തയായ ഒരു സ്ത്രീ, ശ്രദ്ധയോടെ കേൾക്കുന്ന സ്ത്രീ, പ്രതികരിക്കുന്ന സ്ത്രീ, കർത്താവിന്റെ വേലയിൽ സ്ത്രീകൾ ഒഴിച്ചുകൂടാൻ പറ്റാത്തതെങ്ങനെ എന്ന് ഊന്നിപ്പറഞ്ഞു.

---

കുറിപ്പുകൾ

[1]യൂറോപ്പ് വൻകര ഐതിഹാസികമായി യൂറോപ്പാ എന്ന രാജ്ഞിയുടെ പേർ സ്വീകരിച്ചതാണെന്ന് പറയപ്പെടുന്നു, എന്നാൽ എനിക്കു പുരാതന ഭൂപടം (ബൈബിൾ സംബന്ധമായതോ ഭൗതികമായതോ) ആ പേർ എടുത്തതായി കാണാൻ കഴിഞ്ഞിട്ടില്ല. [2]ഈ പാഠത്തിൽ, "പൗരസ്ത്യവും" "പശ്ചാത്യവും" എന്നതിനെ ഇപ്പോൾ രണ്ടു വൻകരകൾ ഏഷ്യ എന്നും യൂറോപ്പ് എന്നും വിളിക്കുന്നു. [3]പൗലൊസ് മക്കെദോന്യയിൽ എത്തുന്നതിനു മുൻപുതന്നെ, റോമിൽ ക്രിസ്ത്യാനികൾ ഉണ്ടാകാൻ, ഒരു പക്ഷെ സാദ്ധ്യതയുണ്ട് (2:10), എന്നാൽ പൗലൊസും സംഘവും മക്കെദോന്യയിൽ എത്തുന്നതുവരെ റോമാസാമ്രാജ്യത്തിൽ ഒരു വ്യവസ്ഥാപരമായ സുവിശേഷപ്രസംഗം നടന്നതായി തെളിവില്ല. [4]ആ സമയത്ത് ദൈവത്തിന്റെ പദ്ധതിയിൽ ത്രോവാസിൽ സുവിശേഷം അറിയിക്കണമെന്ന് ഇല്ലെന്നു തോന്നുന്നു. ചുരുങ്ങിയത്, അപ്പോൾ അവിടെ സുവിശേഷം പ്രസംഗിച്ചില്ല. പിന്നീട്, ത്രോവാസിൽ സഭ സ്ഥാപിച്ചു (20:6-12; 2 കൊരിന്ത്യർ 2:12 ഉം നോക്കുക). [5]പൗലൊസ് ഉണർന്നോ ഉറങ്ങിയോ, എന്നു നമുക്കറിയില്ല. [6]"എ സേർട്ടൻ മാൻ ഓഫ് മാസെഡോണിയ" എന്നതു മൂലവേദഭാഗത്തെ പിന്താങ്ങുന്നു. "സേർട്ടൻ" എന്ന വാക്ക് ഊഹാപോഹങ്ങൾക്ക് വഴിതെളിയിച്ചിട്ടുണ്ട്. "സേർട്ടൻ മാൻ" എന്നതു ഒരു പക്ഷേ പരിഷ്കൃതമായ ഊഹം അലെക്സാണ്ടർ ദിഗ്രെയിറ്റ് ആണെന്നാണ്. പൗലൊസിനെ തിരിച്ചറിയാവുന്ന ആളായിരുന്നോ ഇല്ലയോ. [7]പൗലൊസിന്റെ ഒന്നാമത്തേയും രണ്ടാമത്തേയും യാത്രയുടെ പടം നോക്കുക. [8]ലൂക്കൊസ് പറഞ്ഞ, "ദൈവം ... നമ്മെ പ്രസംഗിക്കുവാൻ വിളിച്ച" എന്ന വസ്തുത സൂചിപ്പിക്കുന്നത് ലൂക്കൊസ് പ്രസംഗിക്കുമായിരുന്നു എന്നാണ് ("ഞങ്ങൾ" എന്ന വാക്ക് 16:13 ലെ നോക്കുക). [9]ത്രോവാസ് മുതൽ നവപൊലിവരെ യാത്ര ചെയ്യുവാൻ രണ്ടു ദിവസം എടുത്തു. പിന്നീട്, മറ്റൊരു യാത്രക്ക് അഞ്ചു ദിവസം എടുത്തു (20:6). [10]"നവപൊലി" ഗ്രീക്കുവാക്ക് "ന്യൂ" (*നിയോസ്*) എന്നതും "സിറ്റി" (*പൊലീസ്*) എന്നതും ചേർന്ന സംയുക്തവാക്കാണ് അങ്ങനെ "നവപൊലി" എന്നതിന്റെ അർത്ഥം "പുതിയ പട്ടണം" എന്നാണ്. ഇന്ന് ആ പട്ടണം അറിയപ്പെടുന്നത് കാവല്ലാ എന്നാണ്, അർത്ഥം "അടക്കി ഭരിക്കുന്ന" എന്നാണ്.

[11]ഈ പുരാതന കല്ലുകൊണ്ടുള്ള ഹൈവേയുടെ അവശിഷ്ട ഭാഗങ്ങൾ കുഴിച്ചെടുത്തിട്ടുണ്ട്. പുരാതന വണ്ടികൾ യാത്ര ചെയ്ത വഴിത്താരകൾ ഇന്നും കാണാം. പൗലൊസിന്റെ ഒന്നും രണ്ടും മിഷനറിയാത്രയുടെ പടം നോക്കുക. [12]ഉടനെ അദ്രിയാറ്റിക കടൽ കടന്ന് അപ്പിയൻമാർഗ്ഗത്തിലൂടെ റോമിലേക്ക് നീങ്ങി (28:15). [13]ബൈസാന്റിയം പിന്നീട് കോൺസ്റ്റാന്റിനോപ്പിൾ എന്നറിയപ്പെട്ടു. ഇന്ന് അതു ഇസ്താൻബുൽ എന്നറിയപ്പെടുന്നു. [14]ഈ സമയത്ത് അവർ നവപൊലിയിൽ പ്രസംഗിച്ചുവെന്നതിനു നമുക്കു തെളിവില്ല. വചനം ഫിലിപ്പിയയിൽ എത്തിയാൽ, അതു സ്വാഭാവികമായും നവപൊലിയി

ലേക്കു വ്യാപിക്കും എന്നു ഒരു പക്ഷേ പൗലൊസ് വിചാരിച്ചിരിക്കാം. [15]KJV യിൽ "ദി ചീഫ് സിറ്റി" എന്നാണ്, പക്ഷെ മൂലഭാഷയിൽ ദി എന്നില്ല. [16]മറ്റൊരു സാദ്ധ്യത എന്തെന്നാൽ ലൂക്കൊസ് സ്ഥലനിർണ്ണയമാണ് നടത്തിയത്. "മക്കെദോന്യയിലെ ആദ്യജില്ല" മക്കദോന്യ നാലു ജില്ലകളായി ഭാഗിച്ചിരുന്നു, കിഴക്കുഭാഗത്ത് ആദ്യത്തേത് ഫിലിപ്പിയ യായിരുന്നു. [17]മൂലവേദഭാഗത്തിൽ "കോളനി" എന്നു മാത്രമാണ്, പക്ഷെ ലൂക്കൊസിന്റെ വായനക്കാർ അതു *റോമൻ* കോളനിയായി മനസിലാക്കി. "റോമൻ കോളനി" എന്ന പദ പ്രയോഗത്തിന്റെ പ്രാധാന്യം മനസിലാക്കുവാൻ നാം ഫിലിപ്പിയയുടെ ചരിത്രം ചെറിയ തോതിൽ മനസിലാക്കണം; ഫിലിപ്പിയ ആരംഭത്തിൽ ക്രോനൈഡസിന്റെ ഗ്രാമ മായിരുന്നു, അർത്ഥം "സ്രോതസ്സ്" എന്നായിരുന്നു (വർത്തമാന - കാല ക്രിനിഡെയിസ് ഫിലിപ്പിയയുടെ അവശിഷ്ടങ്ങൾക്ക് അടുത്താണ്). അവിടെ സ്വർണ്ണ ഖനിയുള്ള പർവ്വ തങ്ങൾ ഉള്ളതുകൊണ്ട് ആ സ്ഥലം മാസിഡോണിലെ ഫിലിപ്പ് II-ാം മന് ഇഷ്ടപ്പെട്ടു. അദ്ദേഹം കോട്ട കെട്ടി പട്ടണം തിരിച്ച് അതിനു ഫിലിപ്പോയി എന്ന് പുതിയ പേരിട്ടു. പിന്നീട് ഒരു പ്രസിദ്ധയുദ്ധം അതിന്റെ വിധി നിർണ്ണയിച്ചു. (ഷേക്സ്പിയർ തന്റെ നാട കമായ ജൂലിയസ് സീസർ എന്ന നാടകത്തിൽ ഈ യുദ്ധത്തെ അവതരിപ്പിച്ചിട്ടുണ്ട്.) ഒക്ടേവിയനും (അഗസ്റ്റസ്) ആന്റണിയും ജൂലിയസ് സീസറിന്റെ ഘാതികളായ ബ്രൂട്ട സിനേയും കാസിയസിനേയും തോല്പിച്ചു. ആഗസ്റ്റസ് ചക്രവർത്തിയായപ്പോൾ (ലൂക്കൊസ് 2:1), അദ്ദേഹം ഫിലിപ്പിയയെ ഒരു റോമൻ കോളനിയാക്കി. പട്ടണം പിന്നെ കൊളോണിയാ ജ്യൂലിയ അശസ്റ്റസ് ഫിലിപ്പെൻസിയം എന്നാക്കി. ലൂക്കൊസ് അതിന്റെ സാധാരണ പറയുന്ന പേരാക്കി (ഫിലിപ്പ് + *പോലീസ്* [സിറ്റി] = ഫിലിപ്പിന്റെ പട്ടണം). [18]റോമൻ കോളനികളിലേക്ക് അനേകം സൈന്യാധിപന്മാരെ റോം അയച്ചിരുന്നു. അവിടെ അവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഉണ്ടായിരുന്നു. അവരുടെ സാന്നിദ്ധ്യം റോമിൽ എപ്പോഴുള്ള - സാന്നിദ്ധ്യത്തെ ഓർമ്മിപ്പിച്ചു. [19]റോമിന്നു തന്നെ അനേകസംസ്ക്കാര ങ്ങൾ ഉള്ള ഒരു വലിയ പട്ടണത്തിന്റെ പ്രതീതിയായിരുന്നു ഉണ്ടായിരുന്നത്. ഉദാഹര ണത്തിന് റോമിൽ അനവധി യെഹൂദന്മാരും പള്ളികളും ഉണ്ടായിരുന്നു (18:2; 28:17). അതിനു വിപരീതമായി, ഫിലിപ്പിയയിൽ ഉണ്ടെങ്കിൽ, കുറച്ചു യെഹൂദന്മാർ മാത്രം, പള ളികളൊന്നും ഇല്ലായിരുന്നു. [20]മുൻപു പൗലൊസ് റോമൻ കോളനിയിൽ പോയിരുന്ന തായി നാം കണ്ടിരുന്നു; എന്നാൽ അവ പൗരസ്ത്യദേശങ്ങളിലായിരുന്നു. അവയിൽ മിക്കവയിലും യെഹൂദ പള്ളികളുടെ സ്വാധീനവുമുണ്ടായിരുന്നു.

[21]നാം കാണാനിരിക്കുന്നതുപോലെ, പൗലൊസിന്റെ ക്ഷേമത്തിനായി തുടർന്നു സഹായിച്ച ഏകജടവക ഫിലിപ്പിയ സഭയായിരുന്നു. പൗലൊസിന്റെ ഫിലിപ്പിയലേഖ നം, സ്നേഹലേഖനമായിരുന്നു (ഫിലിപ്പിയർ 1:3-5; 4:1). [22]പട്ടണത്തിൽ കുറെ യെഹൂദ ന്മാർ ഉണ്ടെങ്കിൽ, പത്തുപേർ മതി ഒരു പള്ളി പണിയുവാൻ. [23]പൗലൊസിനെ അറിയാ വുന്നതുകൊണ്ട്, അവനും സംഘവും ശബ്ബത്തിനു വളരെ മുൻപു തന്നെ ഫിലിപ്പിയ യിൽ എത്തി എങ്കിൽ, അവർ (പള്ളിയില്ലാത്ത ലുസ്ത്രയിൽ ചെയ്തതു പോലെ) യെഹൂ ദന്മാർ പൊതുവായ പ്രസംഗം ഒരു പക്ഷേ നടത്തിക്കാണും. [24]ഫിലിപ്പിയയുടെ അവശി ഷ്ടങ്ങൾക്കടുത്ത് എനിക്കറിയാവുന്ന, ഒരു നദിമാത്രമെയുള്ളു അത് ഗാൻജെറ്റിസ് ആണ് പ്രവൃത്തികൾ 16-ലെ സൂചന അതാണ് നല്കുന്നത്. [25]13-ാം വാക്യത്തിലെ വേദഭാഗം അനിശ്ചിതമാണ്. ഇതിന്റെ അർത്ഥം പുഴക്കരികിൽ പ്രാർത്ഥനാസ്ഥലം കാണുമെന്ന് അവർ മനസിലാക്കി (KJV നോക്കുക). [26]അവർ പരസ്യമായിട്ടായിരുന്നോ, അതോ തണ ലിൻ കീഴിലായിരുന്നോ അതോ പുഴക്കരികിലെ വീട്ടിലായിരുന്നോ എന്ന് നമുക്ക് അറി യില്ല. [27]മൂല വേദഭാഗത്തിൽ, 14-ാം വാക്യത്തിൽ ലൂദിയയെ വിശദീകരിക്കുന്നതിന് പറ യുന്നത് ഇതാണ്. [28]യെഹൂദ ഉപദേഷ്ടാക്കന്മാർ സാധാരണ ഇരുന്നാണ് പഠിപ്പിക്കുന്നത് (മത്തായി 5:1). [29]പൗലൊസും സംഘവും ഫിലിപ്പിയയിൽ എത്തിയതു ദൈവഭക്തരായ ആ സ്ത്രീകൾ ശബ്ബത്തുതോറും പുഴവക്കത്തു പ്രാർത്ഥന നടത്തിക്കൊണ്ടിരുന്നതു ദൈവ സന്നിധിയിൽ എത്തിയതുകൊണ്ടാകാം. [30]ലുദിയ ഒരു സാധാരണ പേരായിരുന്നു. പുരാ തന ലുദിയാ സാമ്രാജ്യത്തിന്റെ പ്രദേശമായിരുന്നു തുയത്തെരയ.

[31]മൂല വേദഭാഗത്തിൽ ആക്ഷരികമായി, "രക്താംബരം വില്ക്കുന്നവൾ" (KJV നോക്കുക) എന്നാണ്. രക്തവർണ്ണമുള്ള വസ്ത്രം ലുദിയ വിറ്റിരിക്കാം (NASB യിൽ സൂചിപ്പിക്കുന്നതുപോലെ) രക്തവർണ്ണം പിടിപ്പിച്ച വസ്ത്രം വിറ്റിരിക്കാനാണ് കൂടുതൽ സാദ്ധ്യത. ചരിത്രപരമായി രക്താംബര നിർമ്മാണത്തിൽ പേരുകേട്ട സ്ഥലമായിരുന്നു തുയത്തൈര. [32]അതെ, ക്രിസ്ത്യൻ വനിതകൾക്കു കച്ചവടം ചെയ്യാം. വീടിനു പുറത്തു ജോലിചെയ്യാത്ത അമ്മമാരെ എനിക്ക് ഇഷ്ടമാണ് (നമുക്ക് ധാരാളം അവഗണിക്കപ്പെട്ട കുട്ടികൾ ഉണ്ട്), വചന പ്രകാരം മുൻഗണനകൾ (തിത്തൊസ് 2:4, 5). സദൃശ്യവാക്യങ്ങൾ 31:10-31-ൽ പറയുന്ന സാമർത്ഥ്യമുള്ള ഭാര്യ പലവ്യാപാരത്തിൽ ഉൾപ്പെടുന്നവളാണ്, പക്ഷേ കുടുംബത്തെ അവഗണിച്ചുകൊണ്ടല്ല. [33]പൗലൊസിന്റെ ഒന്നാമത്തേയും രണ്ടാമത്തേയും മിഷണറിയാത്രയുടെ പടം നോക്കുക. [34]ചിലർ പറഞ്ഞിട്ടുള്ളത് ലുദിയ വിറ്റുകൊണ്ടിരുന്ന വസ്ത്രത്തിനു നിറം കൊടുത്തിരുന്നു മാഡർമരത്തിന്റെ വേരുപിഴിഞ്ഞ് എടുക്കുന്നതും, അതിന്റെ പേർ ടർക്കിഷ് റെഡ്ഡ് എന്നും ആണെന്നാണ്. എങ്ങനെയായാലും, വേദഭാഗം പറയുന്നത് രക്താംബരമാണ് ലുദിയ വിറ്റത് എന്നതുകൊണ്ട്, ചുവന്ന വസ്ത്രമല്ല, അതു കടൽ പ്രാണിയുടെ സന്തതിയായിരിക്കാനാണ് സാദ്ധ്യത. [35]ഈ പദപ്രയോഗം പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവഭക്തരെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. [36]ദിനാർ ഒരു നാണയമായിരുന്നു, ഒരു സാധാരണ ജോലിക്കാരന്റെ ദിവസ ശമ്പളമായി കണക്കാക്കിയിരുന്നു. [37]പുറത്തുള്ള പട്ടണങ്ങളിലെ യെഹൂദന്മാർ ശബ്ബത്ത് നാളിൽ അവരുടെ കടകൾ അടച്ചിടും, ലുദിയയും അങ്ങനെ ചെയ്തിരിക്കാം. ലുദിയയുടെ വേലക്കാരത്തികൾ (കട തുറച്ചുവെച്ചിരിക്കാം) അവർ പുഴക്കരികെ ഇരുന്നിരുന്നു എന്നാണ് സൂചന. [38]എല്ലാവരും സംസാരിക്കയായിരുന്നെങ്കിലും (വാക്യം 13), പൗലൊസ് ആയിരുന്നേക്കാം മുഖ്യ പ്രാസംഗികൻ എന്നു തോന്നുന്നു (14:12 നോക്കുക). [39]പ്രൊട്ടെസ്റ്റന്റ് നവോത്ഥാന സമയത്ത് അറിയപ്പെട്ടിരുന്ന ഒരു മതാദ്ധ്യക്ഷനായിരുന്ന, ജോൺ കാൽവിനിന്റെ ഉപദേശം സ്വീകരിച്ചവരെയാണ് കാൽവിനിസ്റ്റ് എന്നു വിളിച്ചിരിക്കുന്നത്. അനേകനാമധേയ വിഭാഗങ്ങൾ കാൽവിനിസ്സിന്റെ ചില സ്ഥാനങ്ങൾ എഴുതിയിരുന്നു. [40]ഇതിനെയാണ് "പാരമ്പര്യമായ ധാർമ്മിക അധ:പ്പതനം" എന്നു വിളിച്ചിരിക്കുന്നത് അതു തിരുവെഴുത്തിൽ പഠിപ്പിക്കുന്നില്ല (എഹെസ്കേൽ 18:20; മത്തായി 18:3).

[41]"വാസ് ലിസെനിങ്ങ്" എന്നതു ഗ്രീക്കു തർജ്ജിമ ചെയ്തിരിക്കുന്നതു അപൂർണ്ണകാലത്തിലാണ്, സൂചിപ്പിക്കുന്നതു അവർ ശ്രദ്ധിച്ചുകൊണ്ടേയിരുന്നു എന്നാണ്. [42]"എഫ്.എഫ്. ബ്രൂസ് ആ ക്രിയ തർജ്ജിമചെയ്തു "ശ്രദ്ധയോടെ കേട്ടു" എന്നാണ്. [43]ഇതേ പദപ്രയോഗമാണ് 15:4-ൽ ഉള്ളത്. [44]15:12-ൽ ഇതേ പദപ്രയോഗമാണ് ഉപയോഗിച്ചത്, പ്രതിനിധികളെ "അവർമുഖേന" എന്നാണ് പറഞ്ഞിരിക്കുന്നത്. പഴയ നിയമ ഉദാഹരണത്തിന്, സങ്കീർത്തനങ്ങൾ 105:41 നോക്കുക: ദൈവം "പാറ തുറന്നു" - എന്നാൽ അവൻ ചെയ്തതു മോശെയുടെ പ്രവൃത്തിയി*ലൂടെയാണ്* (പുറപ്പാട് 17:1-7). [45]"ഹൃദയം തുറന്നു" എന്ന പദപ്രയോഗം ചിലർ വിശ്വസിക്കുന്നത് ലുദിയ അവളുടെ ഹൃദയം എങ്ങനെയോ അടച്ചിരുന്നു എന്നാണ്. ഒരു പക്ഷേ, ഏതുവിധത്തിലായാലും, ദുരഭിമാനം നിമിത്തം അല്ല അവൾ ഹൃദയം അടെച്ചിരുന്നത്. എന്നാൽ വെറും അജ്ഞത കൊണ്ടാണ് അടച്ചിരുന്നത്. സത്യത്തിന്റെ പരിജ്ഞാനം അവളെ മനസിലാക്കാൻ സഹായിച്ചു. [46]ആർ. സി.എച്ച്. ലെൻസ്കി, *ദി ഇന്റർപ്രെട്ടേഷൻ ഓഫ് ആക്ട്സ് ഓഫ് ദി അപ്പൊസ്തൽസ്* (കൊളംബസ്, ഓഹിയോ: ദി വാർട്ട്ബർഗ് പ്രെസ്സ്, 1944), 658. [47]അവരെ ഒരു പക്ഷേ, ശിലാസോ, ലൂക്കൊസോ, ആല്ലെങ്കിൽ തിമൊഥെയൊസോ സ്നാനപ്പെടുത്തിയിരിക്കാം. ഒരു നിയമമായി, പൗലൊസ് സ്നാനപ്പെടുത്തിയില്ല (1 കൊരിന്ത്യർ 1:14-17). [48]നമ്മുടെ ടീംനായകൻ എല്ലാവരും കേൾക്കേണ്ടതിന്ന് ഉച്ചത്തിൽ സംസാരിക്കണം. [49]ഇന്ന് അനേക സമൂഹങ്ങളിൽ, ഒരു സ്ത്രീ കുഞ്ഞുമായി കണ്ടാൽ വിവാഹിതയാണെന്ന് വിചാരിക്കുകയില്ല, എന്നാൽ അക്കാലത്ത് അങ്ങനെ വിചാരിക്കും.